LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടുംബശ്രീ നിരവധി വ്യത്യസ്തമായ പരിശീലനങ്ങളും പദ്ധതികളും നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ മാധ്യമ അവബോധത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തോടെ സ്ത്രീകളെ മാധ്യമരംഗത്ത് പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മീഡിയാശ്രീ. കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും പരിശീലനം നൽകുവാൻ ആരംഭിച്ചിട്ടുള്ള ഒരു സൂക്ഷ്മസംരംഭക പദ്ധതിയാണിത്. 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സൗത്ത് ഏഷ്യൻ കോളേജ്, കോഴിക്കോട്.

(സി) പത്രപരസ്യത്തിലൂടെയും കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യം നൽകിയും ഇ.ഒ.ഐ. ക്ഷണിച്ച് വിദഗ്ധ പാനൽ വഴിയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്.

(ഡി) മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ നടത്തുന്നതിനുള്ള തുക അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുണ്ടാകുന്ന മറ്റ് ചെലവുകൾ കുടുംബശ്രീ സംസ്ഥാന പദ്ധതി വിഹിതത്തിൽ 'സി.ബി.ഒ. ശാക്തീകരണം' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നു. നാളിതുവരെ ഈയിനത്തിൽ 51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പെർഫോർമൻസ് ഓഡിറ്റിംഗ് സംവിധാനം

285 (1759) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെർഫോമൻസ് ഓഡിറ്റ് സംവിധാനം പുനഃപരിശോധിക്കുമോ ;

(ബി) ഇത് പഞ്ചായത്തിനു പുറത്തുള്ള ഒരു ഏജൻസി വഴി ചെയ്യാമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.